**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാന ലോട്ടറികളുടെ കേരളത്തിലെ നടത്തിപ്പ് നിയമപരമാണോ എന്ന് നിരീക്ഷിക്കുന്നതിന് 2018 ൽ സംസ്ഥാന സർക്കാർ കൊണ്ടുവന്ന ചട്ടഭേദഗതി ഹൈക്കോടതി സിംഗിൾ ബഞ്ച് റദ്ദാക്കിയിരുന്നോ; | (എ) | സംസ്ഥാനത്തിനുള്ളിലെ ലോട്ടറി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി റെഗുലേറ്റ് ചെയ്യുന്നതിനായി സർക്കാർ കൊണ്ടുവന്നിരുന്ന 2018-ലെ കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) ഭേദഗതി റൂൾസ് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ കവിഞ്ഞതാണെന്നും ആയത് പ്രയോഗത്തിൽ വരുത്താൻ സാധിക്കാത്ത താണെന്നും നാഗാലാന്റ് ലോട്ടറീസ് വിതരണക്കാരായ M/s Future Gaming & Hotel Services സമർപ്പിച്ചിരുന്ന WP(C) 34025/2019 എന്ന റിട്ടിൻ മേൽ ബഹു. ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പുറപ്പെടുവിച്ചിരുന്നു. |
| (ബി) | അതിനെതിരെ സർക്കാർ നൽകിയ അപ്പീലിൽ ഡിവിഷൻ ബഞ്ചിന്റെ വിധി സർക്കാരിന് അനുകൂലമായിരുന്നോ; ഭേദഗതി പൂർണ്ണമായും ഡിവിഷൻ ബഞ്ച് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് വകുപ്പാണ് കോടതി അസാധുവാക്കിയതെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത വിധിക്കെതിരെ സർക്കാർ നൽകിയ WA78/2021 അപ്പീലിൽ ഡിവിഷൻ ബഞ്ചിന്റെ വിധി സംസ്ഥാന സർക്കാരിന് അനുകൂലമായിരുന്നു. 2018-ലെ ഭേദഗതി റൂളിൽ സബ് റൂൾ 4(4) ലെ 'including lotteries run/organised/promoted by other states' എന്നീ വാക്കുകൾ മാത്രം Ultra vires ആണെന്ന് നിരീക്ഷിച്ച് കോടതി ടി ഭാഗം മേൽ ഭേദഗതി റൂളിൽ അസാധുവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ